## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 961 — 07.02.2013 -ൽ മറുപടിക്ക്

### അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾക്ക് രജിസ്ട്രേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള എത്ര തൊഴിലാളികൾ കേരളത്തിൽ നിർമ്മാണമേഖലയിലും മറ്റ് കൈത്തൊഴിലുകളിലുമേർപ്പെട്ട് കഴിയുന്നു എന്ന് വ്യക്തമാക്കുമോ ; | (എ) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾ കേരളത്തിൽ സ്ഥിരമായി നിർമ്മാണ മേഖലയിലും മറ്റും ഏർപ്പെടാത്തതുകാരണം അവരുടെ വ്യക്തമായ കണക്ക് ലഭ്യമല്ല. |
| (ബി) ഇവർ ഏതു സംസ്ഥാനക്കാരാണ്, എന്തൊക്കെ തൊഴിൽ ചെയ്യുന്നു, എവിടെയൊക്കെ താമസിക്കുന്നു എന്നു മനസ്സിലാക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; | (ബി) ഇവരുടെ വിശദവിവരങ്ങൾ ശേഖരിയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) ബംഗ്ലാദേശ് പോലുള്ള അന്യരാജ്യങ്ങളിൽ നിന്നുപോലും ആളുകൾ ഇത്തരത്തിൽ കേരളത്തിൻെറ വിവിധ ജില്ലകളിൽ എത്തിച്ചേരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഈ വകുപ്പിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) കൊലപാതകം, മോഷണം, പിടിച്ചുപറി, സ്ത്രീകളെ ശല്യം ചെയ്യൽ തുടങ്ങിയ കേസുകളിൽ അന്യസംസ്ഥാന തൊഴിലാളികൾ പ്രതിയാകുന്നതുമൂലമുള്ള ക്രമസമാധാന, സാമൂഹ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ഈ വകുപ്പിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) ഇവർക്ക് രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ? | (ഇ) ഇത്തരം തൊഴിലാളികൾക്ക് രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും നൽകുന്നതിനായി കേരള ഇൻെറർ സ്റ്റേറ്റ് മൈഗ്രൻറ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ആക്ട് എന്ന പേരിൽ ഒരു നിയമം കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ആഫീസർ.